**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2006-2008)യുടെ 15-ാം മത് റിപ്പോർട്ട് ഖണ്ഡിക 235 ലെ നിർദ്ദേശത്തിന്മേൽ ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ).നം 1424 /15/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി:13/05/2015

---

പരാമർശം:- 1) അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11-12-2013 ലെ അപേക്ഷ

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 18-062014 ലെ L.F17556/സ്പെ.സെൽ ജി2//2014 നമ്പർ കത്ത്.

**ഉത്തരവ്**

ത്രിശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2006-2008)യുടെ 15-ാം മത് റിപ്പോർട്ട് ഖണ്ഡിക 235 ലെ നിർദ്ദേശത്തിന്മേൽ ഓഡിറ്റ് തടസ്സത്തിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

അംഗീകൃത പ്രോജക്ടിനു വിരുദ്ധമായി 24,150 രൂപ പദ്ധതി വിഹിതത്തിൽ നിന്നും കൂടുതലായി ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല.എങ്കിലും നിയമസഭാ സമിതി സർക്കാർ സാധൂകരണത്തിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കാം എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ സാധൂകരണം നൽകാവുന്നതാണെന്ന് DLFA അഭിപ്രായപ്പെട്ടിട്ടുണ്ട്. പരാമർശം2 പ്രകാരം ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് പ്രസിഡന്റിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ത്രിശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2006-2008)യുടെ 15-ാം മത് റിപ്പോർട്ട് ഖണ്ഡിക 235 ലെ നിർദ്ദേശത്തിന്മേൽ അംഗീകൃത പ്രോജക്ടിനു വിരുദ്ധമായി പദ്ധതി വിഹിതത്തിൽ നിന്നും കൂടുതലായി ചെലവഴിച്ച 24150/(ഇരുപത്തി നാലായിരത്തി രൂപ മാത്രം)രൂപയുടെ ചെലവിനു സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ത്രിശ്ശൂർ
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,ത്രിശ്ശൂർ
സെക്രട്ടറി, അവണൂർ ഗ്രാമപഞ്ചായത്ത്,ത്രിശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ